പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T 1837** — **17.03.2015 ലെ മറുപടി**

പ്രവാസികളുടെ ബാങ്ക് നിക്ഷേപം

ചോദ്യം — മറുപടി

ശ്രീ.കെ.വി.അബ്ദുൾ ഖാദർ — ശ്രീ. ഉമ്മൻ ചാണ്ടി

*(മുഖ്യമന്ത്രി )*

| | | |
|---|---|---|
| (എ) | പ്രവാസികളുടെ ബാങ്ക് നിക്ഷേപങ്ങളിൽ അധിക നികുതി ഏർപ്പെടുത്തുന്നതിന് തീരുമാനങ്ങളോ നിയമനിർമ്മാണങ്ങളോ നടപ്പാക്കിയിട്ടുണ്ടോ; | (എ) പ്രവാസികൾ വിദേശത്തു നിന്നും സ്വദേശത്തേക്ക് അയയ്ക്കുന്ന പണം ഇന്ത്യയ്ക്കകത്ത് കൈകാര്യം ചെയ്യുന്ന സേവന ദാതാക്കളുടെ മേൽ സേവന നികുതി ഏർപ്പെടുത്തി കേന്ദ്ര സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. വിദേശത്ത് നിന്നും ഇന്ത്യയിലേക്ക് അയയ്ക്കുന്ന പണത്തിന് സേവന നികുതി ബാധകമല്ല. എന്നാൽ വിദേശ നാണയ വിനിമയ സേവന ദാതാവി (foreign money transfer service operator (MTSO)ന്റെ ഏജന്റായോ പ്രതിനിധിയായോ ഈ പണം ഇന്ത്യയ്ക്കകത്ത് വിതരണം ചെയ്യുന്ന സ്ഥാപനമോ ബാങ്കോ ഈ സേവനത്തിന് വിദേശ നാണയ വിനിമയ സേവന ദാതാവിൽ (MTSO) നിന്നും ഈടാക്കുന്ന കമ്മീഷന് സേവന നികുതി നൽകണമെന്നതാണ് നിർദ്ദേശം. |
| (ബി) | പ്രവാസി മലയാളികളുടെ അവസാന മൂന്ന് വർഷങ്ങളിലെ നിക്ഷേപം എത്ര വീതമെന്ന് വിശദമാക്കാമോ; | (ബി) പ്രവാസികൾ നാട്ടിലെത്തിക്കുന്ന ബാങ്ക് നിക്ഷേപത്തിന്റെ കണക്ക് ലഭ്യമാണ്.<br><br>സംസ്ഥാനത്ത് 2012 മുതൽ പ്രവാസികൾ നാട്ടിലെത്തിച്ച നിക്ഷേപം ചുവടെ ചേർക്കുന്നു.<br><br>വർഷം — തുക (ലക്ഷത്തിൽ )<br>2012 — 4845440<br>2013 — 6619031<br>2014 — 9388352 |

| | | |
|---|---|---|
| (സി) | പ്രവാസി നിക്ഷേപം കുടിയിട്ടുണ്ടോയെന്നും പ്രസ്തുത നിക്ഷേപം കേരളത്തിന്റെ വികസനത്തിനായി പ്രയോജനപ്പെടുത്തുന്നുണ്ടോയെന്നും വ്യക്തമാക്കാമോ? | (സി) സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി (SLBC)യുടെ കണക്ക് പ്രകാരം 2012 2014 വർഷത്തെ പ്രവാസി നിക്ഷേപത്തിൽ 93% വളർച്ചയുണ്ട്.<br><br>സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് വിദേശ മലയാളികളെ ആകർഷിക്കുന്നതിനായി ഒരു പുതിയ പദ്ധതി Engaging Diaspora for Investment in the State എന്ന പേരിൽ രൂപം നൽകിയിട്ടുണ്ട്. കൂടാതെ ഇത്തരത്തിൽ നിക്ഷേപ താത്പര്യമുള്ള പ്രവാസി മലയാളികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും. നിക്ഷേപ സാദ്ധ്യതകൾ പ്രോത്സാഹിപ്പിക്കുന്നതിനും, ഒരു കൈത്താങ്ങായി അവർക്ക് ആവശ്യമായ സഹായങ്ങൾ നല്കുന്നതിനുമായി നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ എന്ന ഒരു പദ്ധതി സംസ്ഥാന സർക്കാർ നോർക്ക വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കിയിട്ടുണ്ട്.<br><br>2015 ജനുവരി മാസം 16-17 തീയതികളിൽ കൊച്ചിയിൽ വച്ച് നടന്ന ആഗോള പ്രവാസി മലയാളി സംഗമത്തിൽ കേരളത്തിലെ നിക്ഷേപ സാദ്ധ്യതകൾ പ്രവാസി മലയാളികൾക്ക് പരിചയപ്പെടുത്തുകയുണ്ടായി. കൂടാതെ പ്രവാസി നിക്ഷേപം കേരളത്തിന്റെ വികസനത്തിനായി പ്രയോജനപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കുന്നതിനായി ഒരു 'സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന്' രൂപം നൽകാനും സംഗമത്തിൽ ശുപാർശ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ